**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1646** **28-07-2021 - ൽ മറുപടിയ്ക്ക്**

**റേഷൻ മുൻഗണന പട്ടിക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ ,<br>ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ,<br>ശ്രീ ജി സ്റ്റീഫൻ,<br>ശ്രീ. പി.പി. സുമോദ്** | | **Shri G R Anil<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി)** | |
| (എ) | റേഷൻ മുൻഗണന വിഭാഗത്തിൽ നിന്നും മാനദണ്ഡപ്രകാരം അനർഹരായവരോട് മുൻഗണനാ പട്ടികയിൽ നിന്നും സ്വയം ഒഴിവാകുന്നതിന് ഭക്ഷ്യവകുപ്പ് നടത്തിയ അഭ്യർത്ഥന മാനിച്ച് എത്ര ശതമാനം പേർ ഒഴിഞ്ഞുപോയെന്ന് അറിയിക്കാമോ; | (എ) | ആകെയുള്ള മുൻഗണനാ കാർഡുകളിൽ അനർഹരായ 1.91% പേർ സ്വയം ഒഴിവായിട്ടുണ്ട്. |
| (ബി) | അസുഖബാധിതരായ മക്കൾ ഉള്ളവരും നാലുചക്രവാഹനം ടാക്സിയായി ഉപയോഗിക്കുന്നവരും മുൻഗണനാപട്ടികയിൽ നിന്നും ഒഴിവാക്കപ്പെടുമെന്ന ആശങ്ക പരിഹരിക്കുമോ; | (ബി) | ദേശീയ ഭക്ഷ്യഭദ്രതാ നിയമം, 2013 നടപ്പിൽ വരുത്തിയതോടനുബന്ധിച്ച് ഏറ്റവും അർഹരായ മുൻഗണനാ വിഭാഗത്തെ കണ്ടെത്തുന്നതിനായി നിലവിലുള്ള മാനദണ്ഡപ്രകാരം ഒഴിവാക്കൽ മാനദണ്ഡങ്ങൾ ബാധകമല്ലാത്തതും ഗുരുതരമായ ശാരീരിക, മാനസിക വെല്ലുവിളികൾ നേരിടുന്നവർ, ഏക ഉപജീവനമാർഗ്ഗമായ ടാക്സി സ്വന്തമായുള്ളവർ എന്നിവരെ മുൻഗണനയിൽ ഉൾപ്പെടുത്താൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്. കൂടാതെ എതെങ്കിലും ഒഴിവാക്കൽ മാനദണ്ഡങ്ങളിൽപ്പെട്ടിട്ടുണ്ടെങ്കിലും ഭിന്നശേഷി, സാമ്പത്തിക പിന്നോക്കാവസ്ഥ, ശാരീരിക അവശത എന്നിവയിലേതെങ്കിലും കാരണത്താൽ മുൻഗണനയ്ക്ക് അർഹരെന്ന് ബോധ്യപ്പെടുന്ന അപേക്ഷകൾ പരിഗണിച്ച് ഉചിതമായ തീരുമാനമെടുക്കുന്നതിന് പൊതുവിതരണ ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുമുണ്ട്. |
| (സി) | ഓരോ റേഷൻകടയുടെയും പരിധിയിൽ മുൻഗണന വിഭാഗത്തിൽ വരുന്നവരുടെ ലിസ്റ്റ് പഞ്ചായത്ത് ഓഫീസിലോ വില്ലേജ് ഓഫീസിലോ പ്രദർശിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ? | (സി) | കേരള ടാർജറ്റഡ് പബ്ലിക് ഡിസ്ട്രിബ്യൂഷൻ (കൺട്രോൾ)ഓർഡർ, 2021 പ്രകാരം ഓരോ റേഷൻകടയുടെയും പരിധിയിൽ വരുന്ന പഞ്ചായത്ത്/ വില്ലേജ് ഓഫീസുകളിൽ മുൻഗണന വിഭാഗത്തിൽ ഉൾപ്പെടുന്നവരുടെ പട്ടിക പ്രദർശിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ